# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**ഏപ്രിൽ 2025**

ചീഫ് എഡിറ്റർ :ആദിത്യ എം.എസ്  എഡിറ്റർ : നസ്രിയ ഫാത്തിമ , ഫാത്തിമ ഷാദിയ എൻഎച്ച് ,നസ്ഹ മുനീർ, ഫാത്തിമ മെഹറിൻ  സ്റ്റാഫ് എഡിറ്റർ റീഷ പി

## കമ്യൂണിറ്റിദിനം ആചരിച്ചു



അടൽ ടിങ്കറിങ് ലാബിൽ കമ്യൂണിറ്റിദിനം ആചരിച്ചപ്പോൾ

കൊടുവള്ളി :കൊടുവള്ളി ഗവ. ഹയർസെക്കൻഡറി സ്കൂൾ അടൽ ടിങ്കറിങ് ലാബിന്റെ നേതൃത്വത്തിൽ കമ്യൂണിറ്റിദിനം ആചരിച്ചു. സ്കൂളിനുസമീപത്തെ ആറ് സ്കൂളുകളിലെ 52 വിദ്യാർഥികൾ പങ്കെടുത്തു. വിദ്യാർഥികൾക്ക് റോബോട്ടിക്സ് ഇലക്ട്രോണിക്സ് പരിശീലനം നൽകുന്ന അടൽ ടിങ്കറിങ് ലാബ് പരിചയപ്പെടുത്തുന്നതിനും പഠിക്കുന്നതിനും വേണ്ടി യാണ് കമ്യൂണിറ്റി ദിനം ആചരിക്കുന്നത്. പിടിഎ പ്രസിഡൻ റ് ആർ.വി. അബ്ദുൽ റഷീദ് ഉദ്ഘാടനംചെയ്തു. പ്രധാനാ ധ്യാപിക എം. സുബിത അധ്യക്ഷയായി. അധ്യാപകരായ കെ. ഫിർദൗ സ് ബാനു, ഷംസീറ, പി. റീഷ, ഹൈദ്രോസ്, കെ. മുഹമ്മദ് എന്നിവർ സംസാരിച്ചു .

## കരിയർ ഗൈഡൻസ് ആൻഡ് പാരന്റിങ് സെമിനാർ



കൊടുവള്ളി :കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ രക്ഷിതാക്കൾക്കായി കരി യർ ഗൈഡ് ആൻഡ് പാരന്റിങ് സെമിനാർ സംഘടിപ്പിച്ചു.പത്താം ക്ലാസിലെയും പ്ലസ് ടുവിലെയും വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കാണ് കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചത്. 20025 –26 വിജയോത്സവം ടീ ക്ലാസിന് നേതൃത്വം നൽകി. ചടങ്ങ് കൊടുവള്ളി മുൻസിപ്പാലിറ്റി വാർഡ് കൗൺസിലർ ശ്രീമതി ബഷീർ ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആർ വി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എസ്.എം.സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര മുഖ്യാതിഥിയായിരുന്നു. പ്രധാനാധ്യാപിക ശ്രീമതി സുബിത ടീച്ചർ നന്ദി പ്രകാശിപ്പിച്ചു. എഡിഫൈസ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ ഷാജി എൻ ജോർജ് ക്ലാസുകൾ കൈകാര്യം ചെയ്തു .സീനിയർ അസിസ്റ്റൻറ് അഷ്റഫ് സാർ,സ്റ്റാഫ് സെക്രട്ടറി മധു ഒ.കെ ,എസ് ആർ ജി കൺവീനർ ബഷീർ കെ എൻ , വിജയോത്സവം കൺവീനർ മുഹമ്മദ് കെ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

## വിജയികളെ അനുമോദിച്ചു



യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം സംസ്ഥാനതല വിജയികളായ കൊടുവള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികളെ സ്കൂൾ പി.ടി.എയും അധ്യാപകരും അനുമോദിക്കുന്നു

കൊടുവള്ളി കേരള സർക്കാർ കെ–ഡിസ്ക് നടത്തുന്ന യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാ മിൽ (വൈ.ഐ.പി) സംസ്ഥാന തല വിജയികളായ കൊടുവ ള്ളി ഗവ. ഹയർ സെക്കൻഡ റി സ്കൂൾ 10–ാം ക്ലാസ് വിദ്യാർഥികളായ അമാനി അമീൻ, കെ. ടി ഫാത്തിമ ഷെറിൻ, അസീം മുഹമ്മദ് എന്നിവരെ പി.ടി. എയും അധ്യാപകരും അനു മോദിച്ചു. 75,000 രൂപയാണ് സമ്മാന തുക.തെരുവു നായ്ക്കളുടെ ആക്രമണം കുറയ്ക്കുന്നതിനുള്ള ഇവ രുടെ പ്രോജക്ടാണ് സംസ്ഥാനതലത്തിൽ അംഗീകാരം നേടിയത്.പ്രോജക്ട് കോഴിക്കോട് എൻ.ഐ. ടി യിലെ പ്രൊഫസർമാരുടെ മെൻ്റർഷിപ്പിൽ പ്രാവർത്തികമാക്കാനാണ് തീരുമാനം. അനുമോദന പരിപാടി നഗരസഭ കൗൺസിലർ ഹഫ്സത്ത് ബഷീർ ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് ആർ. വി അബ്ദുൽ റഷീദ് അധ്യക്ഷനായി. എസ്.എം.സി ചെയർ മാൻ മുഹമ്മദ് കുണ്ടുങ്ങര, പ്രിൻസിപ്പൽ റെജി, പ്രധാനാധ്യാപിക എം. സുബിത, കെ. മുഹമ്മദ്, കെ.എൻ മുഹമ്മദ് ബഷീർ, ഫിർദൗസ് ബാനു എന്നിവർ സംസാരിച്ചു.

## സർട്ടിഫിക്കറ്റ് വിതരണം



കൊടുവള്ളി :കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ്, എ സ് പി സി വിദ്യാർത്ഥികൾക്ക് സ ർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ഈ വർഷത്തെ എസ്എ സ്എൽസി വിദ്യാർത്ഥികളായ 2022 -25 ബാച്ച് ലിറ്റിൽ കൈറ്റ്സ് ,എ സ് പി സി അംഗങ്ങ ൾക്കാണ് സർ ട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആർ വി സർട്ടിഫിക്കറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. എസ് പി സി -സി പി ഓ സുബൈദ വി, ലിറ്റിൽ കൈ റ്റ്സ് മിസ്ട്രസ് റീഷ പി എന്നീ അധ്യാപകർ സർട്ടിഫിക്കറ്റ് വിതരണത്തിനു നേതൃത്വം നൽകി.

## അനുമോദനം



കൊടുവള്ളി. കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രതിഭകളെ അനുമോദിച്ചു. എൻ എം എം എസ് സ്കോളർഷിപ് വിജയിയായ അനാമിക യെയും സീനിയർ വുമൺ നാഷണൽ ഫുട്സൽ ചാമ്പ്യൻഷിപ്പ് വിജയിയായ ഫാത്തിമ ഷഫ്രീ നെയും അനുമോദിച്ചു. സ്കൂൾ പിടിഎയുടെയും അധ്യാപകരുടെയും സംയുക്താഭിമുഖ്യത്തിലാണ് വിദ്യാർത്ഥികളെ അനുമോദിച്ചത് ചടങ്ങിൽ പി ടി എ പ്രസിഡന്റ് അബ്ദുൽ റഷീദ് സ്കൂൾ പ്രിൻസിപ്പാൾ ഇൻ ചാർജ് റജി സർ പ്രധാനധ്യാപിക സുബിത എം, മറ്റു അധ്യാപകരായ ഫിർദൗസ് ഭാനു, മുഹമ്മദ് കെ,സ്റ്റെല്ല മരിയ, ഷംസീറ,റീഷ, ഹൈദ്രോസ് എന്നിവരും പങ്കെടുത്തു.

## വൈ ഐ പി ശാസ്ത്രപഥം

കൊടുവള്ളി. കൊടുവള്ളി ബി ആർ സി യുടെ ആഭിമുഖ്യത്തിൽ നടന്ന വൈഐപി ശാസ്ത്രപഥം നവീനം ദ്വിദിന ശിൽപ്പശാലയിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ മൂന്ന് ടീമുകൾ പങ്കെടുത്തു. ഏപ്രിൽ 21, 22 തീയതികളിൽ താമരശ്ശേരിയിൽ വച്ച് നടന്ന ക്യാമ്പിലാണ് വിദ്യാർത്ഥികൾ പങ്കെടുത്തത്. താമരശ്ശേരി ഡി.ഇ. ഒ കെ കെ സുബൈർസാർ ആണ് ശില്പശാല ഉദ്ഘാടനം ചെയ്തത്. ഒമ്പതാം ക്ലാസ് വിദ്യാർത്ഥി കളായ ജാസിബ് എം എം, അസ്മർ, എട്ടാം ക്ലാസ് വിദ്യാർത്ഥികളായ ദിയ തമന്ന, നജാ ഫാത്തിമ,റന ഫാത്തിമ, ഹിബ ഫാത്തിമ,ജസറിയ, ഫസാ മെഹറിൻ എന്നീ വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്




## ഏപ്രിൽ മാസത്തിലൂടെ.......

ഏപ്രിൽ 2
അഡ്മിഷൻ കമ്മിറ്റി മീറ്റിംഗ് നടന്നു. സ്കൂൾ പി ആ ർ ഒ യുടെ നേതൃത്വ ത്തിൽ വീഡിയോസ് തയ്യാറാക്കി.

ഏപ്രിൽ 3
8 ,9 ക്ലാസുകളിലെ ഉത്തരക്കടലാസുകൾ വാല്യവേഷൻ പൂർത്തിയാക്കി. എസ്എസ്എൽസി വാല്യവേഷൻ ആരംഭിച്ചു

ഏപ്രിൽ 4
എട്ടാം ക്ലാസിലെ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാ റാക്കി. ഓൺലൈൻ എസ് ആർ ജി മീറ്റിംഗ് നടന്നു.

ഏപ്രിൽ 7
സ്കൂളിൽ അഡ്മിഷൻ ക്യാമ്പ് നടന്നു എട്ടാം ക്ലാസിലെ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പ്രത്യേക യോഗം നട ത്തി. എൻ.എം.എസ്.എസ് ജേതാവ് വൈ ഐപി സംസ്ഥാനതല വിജയികൾ സീനിയർ വുമൺ ഫുട്സൽ നാഷണൽ ചാമ്പ്യൻഷിപ്പ് വിജയി ഫാത്തിമ ഷഫ്രീൻ എന്നിവരെ പിടിഎ കമ്മിറ്റിയുടെയും സ്റ്റാ ഫിന്റെയും നേതൃത്വത്തിൽ അനുമോദിച്ചു. മാർച്ച് മാസത്തെ എൽ കെ വാർത്താപത്രിക പ്രകാശനം ചെയ്തു.

ഏപ്രിൽ 8
അഡ്മിഷൻ ക്യാമ്പ് നടന്നു. സ്കൂൾ പ്രമോ വീഡിയോസ് തയ്യാറാക്കി. എട്ടാം ക്ലാസിലെ പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ക്ലാസുകൾ ആരംഭിച്ചു.

ഏപ്രിൽ 9
സമഗ്ര ഗുണമേന്മ ക്ലാസുകൾ നടന്നു സ്കൂളിൽ അഡ്മിഷൻ പ്രവർത്തനങ്ങൾ നടന്നു.

ഏപ്രിൽ 13
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ വിഷു ആശംസാ പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി.

ഏപ്രിൽ 15
സമഗ്ര ഗുണമേന്മ ക്ലാസ് നടന്നു . അഡ്മിഷൻ ക്യാമ്പ് നടന്നു.

ഏപ്രിൽ 16
സമഗ്ര ഗുണമേന്മ ക്ലാസുകൾ നടന്നു. പ്ലസ് ടു എസ്എസ്എൽസി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി കരിയർ ഗൈഡൻസ് പാരന്റിങ് സെമിനാർ നടന്നു.

ഏപ്രിൽ 18
5 മുതൽ 9 വരെ ക്ലാസുകളിലെ പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കി.

ഏപ്രിൽ 20
അംഗങ്ങൾ ഈസ്റ്റർ ആശംസകൾ തയ്യാറാക്കി.

ഏപ്രിൽ 21
ബി ആർ സിയുടെ ആഭിമുഖ്യത്തിൽ സബ്ജില്ലാ വൈ ഐ പി ദ്വിദിന ക്യാമ്പിൽ തിരഞ്ഞെടുക്കപ്പെട്ട 8 കുട്ടികൾ പങ്കെടുത്തു.

ഏപ്രിൽ 22 എ ടി എൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ കമ്മ്യൂണിറ്റി ദിനാചരണ പരിപാടി നടന്നു സമഗ്ര ഗുണമേന്മ ക്ലാസ്സുകൾ നടന്നു.

ഏപ്രിൽ 23
പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികൾക്കായി എല്ലാ വിഷയത്തിന്റെയും മോഡൽ പരീക്ഷ നടത്തി.

ഏപ്രിൽ 24
സമഗ്ര ഗുണമേന്മ പഠനപിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികൾക്കായുള്ള പരീക്ഷ ആരംഭിച്ചു.

2 ഏപ്രിൽ 26
എസ്എസ്എൽസി പേപ്പർ വാല്യൂഷൻ അവസാനിച്ചു.

ഏപ്രിൽ 29
സമഗ്ര ഗുണമേന്മ പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ അവസാനിച്ചു

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി


കൊടുവള്ളി.:കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ എട്ടാം ക്ലാസ്സിലെ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ പ്രത്യേകം ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് ക്ലാസുകൾ നൽകുകയും ചെയ്തു. എല്ലാ വിഷയത്തിനും ആയി പ്രത്യേകം ടൈംടേബിൾ തയ്യാറാക്കി അധ്യാപകരുടെ നേ തൃ ത്വത്തിൽ ക്ലാസുകൾ നടത്തി തുടർന്ന് എല്ലാ വിഷ യത്തിനും മാതൃകാ പരീക്ഷയും നടത്തി. തുടർന്ന് നടത്തിയ പരീക്ഷയും എല്ലാ കുട്ടികളും എഴുതി.


ജി.എച്ച്.എസ്.എസ് കൊടുവള്ളി
അനുമോദനം


GHSS KODUVALLY
ATL COMMUNITY DAY


GHSS KODUVALLY
SPC CERTIFICATE DISTRIBUTION



GHSS KODUVALLY
SPC CERTIFICATE DISTRIBUTION


GHSS KODUVALLY
SPC CERTIFICATE DISTRIBUTION


GHSS KODUVALLY
CAREER GUIDANCE CLASS


GHSS KODUVALLY
ADMISSION CAMP


GHSS KODUVALLY
LK @ ADMISSION CAMP


GHSS KODUVALLY
LITTLEKITES CERTIFICATE DISTRIBUTION


GHSS KODUVALLY
LITTLEKITES CERTIFICATE DISTRIBUTION



GHSS KODUVALLY
LITTLEKITES CERTIFICATE DISTRIBUTION


GHSS KODUVALLY
LITTLEKITES CERTIFICATE DISTRIBUTION


GHSS KODUVALLY
LITTLEKITES CERTIFICATE DISTRIBUTION


GHSS KODUVALLY
LITTLEKITES CERTIFICATE DISTRIBUTION


നമ്മുടെ വിദ്യാലയം
GHSS Koduvally
Koduvally P.O, Kozhikode - 673572
2025-26 അക്കാദമിക് വർഷത്തേക്കുള്ള
അഡ്മിഷൻ ക്യാമ്പ്
2025 ഏപ്രിൽ 21, 22
സമയം : 10 AM - 1PM


ATAL TINKERING LAB COMMUNITY DAY
GHSS KODUVALLY
On
22nd APRIL 2025 (TUESDAY)


രക്ഷിതാക്കൾക്കായി
കരിയർ ഗൈഡൻസ് & പേരന്റിങ് സെമിനാർ
HSS AUDITORIUM, GHSS KODUVALLY
99462 68860


GHSS KODUVALLY
HAPPY EASTER


ഹൃദയംനിറഞ്ഞ
വിഷുദിനാശംസകൾ
GHSS KODUVALLY


അഡ്മിഷൻ
തുടരുന്നു..............
GHSS Koduvally
Koduvally P.O, Kozhikode - 673572




YIP KERALA